**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മണലൂർ - കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളിക്ക് തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2665/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 03.09.2015

പരാമർശം:- ശ്രീ. പി.എ. മാധവൻ, എം.എൽ.എയുടെ 27.07.2015 ലെ കത്ത്.

**ഉത്തരവ്**

2015 ഓണാഘോഷത്തിന്റെ ഭാഗമായി മണലൂർ - കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളിയുടെ സംഘാടന ചെലവുകൾക്ക് തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം നൽകണമെന്ന് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2015 ഓണാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മണലൂർ - കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളിയുടെ സംഘാടന ചെലവുകൾക്കായി തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) വരെ സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായം നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.രംഗത്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ(പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.